കർഷക കുടുംബങ്ങൾക്കുള്ള സഹായങ്ങൾ

152 (1521) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ ബാങ്ക് ലോണുകൾ അടയ്ക്കാൻ കഴിയാതെ ആത്മഹത്യചെയ്ത കർഷകർ ആരെല്ലാമാണെന്ന് ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ കർഷകരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങൾ നല്കി എന്ന് വർഷം തിരിച്ചും ജില്ല തിരിച്ചുമുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തിന് കർഷക കടാശ്വാസ കമ്മീഷൻ ശിപാർശകൾ പ്രകാരം എന്തെല്ലാം സഹായങ്ങൾ ലഭിച്ചിട്ടുണ്ട് ; വർഷം തിരിച്ചും ജില്ല തിരിച്ചും വിശദമാക്കുമോ ;

(ഡി) കഴിഞ്ഞ നാല് വർഷമായി ആത്മഹത്യ ചെയ്ത എത്ര പേരുടെ ബാങ്ക് ലോണുകൾ എഴുതിത്തള്ളിയെന്ന് വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ കാലയളവിൽ ബാങ്ക് ലോണുകൾ അടയ്ക്കാൻ കഴിയാതെ തിരുവനന്തപുരം, പത്തനംതിട്ട, തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 49 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ആത്മഹത്യ ചെയ്ത 37 കർഷകരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായമായി ആകെ 34,50,000 രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) കടബാധ്യതമൂലം ദുരിതത്തിലാണ്ട കർഷകർക്ക് ആശ്വാസം നൽകുന്നതിനു വേണ്ടി, ന്യായനിർണ്ണയം നടത്തി അവാർഡുകൾ പാസ്സാക്കുന്നതിനും മധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും അത്തരം കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾക്ക് ശിപാർശ നൽകുന്നതിനും വേണ്ടിയാണ് കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. കടാശ്വാസം ലഭിക്കുന്നതിനായി കർഷകർ നൽകിയിട്ടുള്ള വ്യക്തിഗത അപേക്ഷകളിൽ കമ്മീഷൻ ശിപാർശ ചെയ്തതനുസരിച്ച് ഈ സർക്കാരിന്റെ കാലയവിൽ 78,89,28,164 രൂപ കടാശ്വാസ വിതരണത്തിനായി അനുവദിച്ചിട്ടുണ്ട്.

(ഡി) ആത്മഹത്യ ചെയ്ത കർഷകരുടെ കടബാധ്യത സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
852/2017.

LIBRARY ARCHIVES Kerala Legislative Assembly